**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **01-02-2023 - ൽ മറുപടിയ്ക്ക്**

**ആർ.സി.സി. യിലെ രോഗനിർണ്ണയ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | റീജിയണൽ ക്യാൻസർ സെന്ററിൽ എം.ആർ.ഐ. സ്കാനിങ് മെഷീൻ, മാമോഗ്രാം മെഷീൻ എന്നിവയുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ; ഇതിനാൽ നിരവധി രോഗികൾക്ക് വൻ തുക നൽകി മറ്റ് സ്ഥാപനങ്ങളിൽ രോഗനിർണ്ണയ പരിശോധനകൾ നടത്തേണ്ടി വരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | റീജിയണൽ കാൻസർ സെന്ററിൽ എം.ആർ.ഐ, മാമോഗ്രാം മെഷീൻ എന്നിവയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവക്കേണ്ടി വന്നിട്ടുണ്ട്. നിലവിലുള്ള മെഷീനുകൾ കാലഹരണപ്പെട്ടതിനാൽ ഇവ മാറ്റി പുതിയവ സ്ഥാപിക്കാൻ സമയബന്ധിതമായി തന്നെ നടപടി സ്വീകരിച്ചുവരികയാണ്. ആയതിന് 3-4 മാസം വേണ്ടി വരും. പ്രസ്തുത കാലയളവിൽ ആർ.സി.സിയിൽ വരുന്ന രോഗികളുടെ എം.ആർ.ഐ പരിശോധന നടത്തുന്നതിന് സർക്കാർ നിരക്കിൽ പൊതുമേഖലാ സ്ഥാപനമായ HLL-മായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാൽ രോഗികൾക്ക് സർക്കാർ നിരക്കിൽ പരിശോധന നടത്താവുന്നതാണ്. |
| (ബി) | പ്രസ്തുത മെഷീനുകളുടെ പ്രവർത്തന കാലാവധി അവസാനിക്കുന്നതിന് മുൻപായി പുതിയത് വാങ്ങി സ്ഥാപിക്കുന്നതിന് പകരം സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാട് ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | ഇല്ല. നിലവിലുള്ള എം ആർ ഐ മെഷീൻ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്താണ് പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ പുതിയ മെഷീൻ സ്ഥാപിക്കുന്നത് സ്ഥലസൗകര്യം ഇല്ലാത്തതിനാലാണ് പഴയ എം.ആർ.ഐ മെഷീൻ buyback condition-ൽ തിരികെ നൽകി അതെ സ്ഥലത്ത് പുതിയ മെഷീൻ ടെൻഡർ ചെയ്ത് സ്ഥാപിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മെഷീനുകളുടെ പ്രവർത്തനം എപ്പോൾ പുന:സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല. നിലവിലുള്ള എം ആർ ഐ മെഷീൻ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്താണ് പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ പുതിയ മെഷീൻ സ്ഥാപിക്കുന്നത് സ്ഥലസൗകര്യം ഇല്ലാത്തതിനാലാണ് പഴയ എം.ആർ.ഐ മെഷീൻ buyback condition-ൽ തിരികെ നൽകി അതെ സ്ഥലത്ത് പുതിയ മെഷീൻ ടെൻഡർ ചെയ്ത് സ്ഥാപിക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ